പാലക്കാട്	–	2
മലപ്പുറം	–	19
കോഴിക്കോട്	–	6
വയനാട്	–	1
കണ്ണൂർ	–	41
കാസർഗോഡ്	–	11
ആകെ	–	144

(സി) 31.3.98-വരെയുള്ള കണക്കനുസരിച്ച് സംസ്ഥാനത്തൊട്ടാകെ രൂപീകരിച്ചിട്ടുള്ള 474 വനിതാ സഹകരണ സംഘങ്ങളിലായി 2,31,446 അംഗങ്ങളുണ്ട്.

(ഡി) വനിതാ സഹകരണ സംഘങ്ങൾക്ക് അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സംസ്ഥാന പദ്ധതി പ്രകാരം 50,000 രൂപവരെ ഓഹരി മൂലധനമായി നൽകിവരുന്നു. കൂടാതെ പ്രവർത്തന മൂലധന ഗ്രാന്റായി 1,00,000 രൂപവരെ നൽകുന്നതിനും മാനേജീരിയൽ സബ്സിഡിയായി ഒന്നാം വർഷം 5000 രൂപ, രണ്ടാം വർഷം 4000 രൂപ, മൂന്നാം വർഷം 3000 രൂപ എന്നീ ക്രമത്തിൽ നൽകുന്നതിനും പദ്ധതികളുണ്ട്. കെട്ടിട ഗ്രാന്റ് 15,000 രൂപ വരെ നൽകുന്നതിനു പദ്ധതി നിലവിലുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയിൽപ്പെടുത്തി (സെൻട്രൽ സെക്ടർ സ്കീം) വനിതാ സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധനം, പ്രവർത്തന മൂലധന വായ്പ, മാനേജീരിയൽ സബ്സിഡി എന്നീ ഇനത്തിൽ യഥാക്രമം 40,000 രൂപ, 40,000 രൂപ, 20,000 രൂപ വരെ ധനസഹായം നൽകിവരുന്നു.

(ഇ) പ്രവർത്തന സാധ്യതയുള്ള സ്ഥലങ്ങളിൽനിന്നും അപേക്ഷകൾ ലഭിക്കുന്നമുറയ്ക്ക് സംഘങ്ങൾ രൂപീകരിക്കുന്നതാണ്.

പുതുതായി വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള പദ്ധതി

14 (*193)ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. എ. കണാരൻ :
ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. എം.എ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടുത്ത രണ്ടു വർഷത്തിനുള്ളിൽ 15 ലക്ഷം പേർക്ക് പുതുതായി വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പദ്ധതി എന്ന് ആരംഭിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ലക്ഷ്യം കൈവരിക്കാൻ സംസ്ഥാനത്ത് സബ്സ്റ്റേഷനുകൾ നിർമ്മിച്ച് പ്രസരണശേഷി വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ടോ; എങ്കിൽ എത്ര സബ് സ്റ്റാന്റുകൾ നിർമ്മിക്കേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഇ) കഴിഞ്ഞ മൂന്നു വർഷംകൊണ്ട് സംസ്ഥാനത്ത് എത്രലക്ഷം പേർക്ക് വൈദ്യുതി കണക്ഷൻ നൽകാൻ കഴിഞ്ഞു എന്ന് വെളിപ്പെടുത്തുമോ;

(എഫ്) അടുത്ത രണ്ടു വർഷംകൊണ്ട് 15 ലക്ഷം പേർക്ക് പുതുതായി വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള പദ്ധതിയുടെ നടത്തിപ്പ് ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ)-(സി) ഈ സർക്കാരിന്റെ കാലയളവിൽ 15 ലക്ഷം പേർക്ക് കണക്ഷൻ നൽകാൻ പരിപാടിയിട്ടിരുന്നു. 3.5 ലക്ഷം വൈദ്യുതി കണക്ഷനുകൾ പുതിയതായി നൽകാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. അടുത്ത വർഷത്തെ ടാർജറ്റ് നിശ്ചയിച്ചിട്ടില്ല.

(ഡി) പുതിയ കണക്ഷൻ നൽകുന്നതിന്റെ ഭാഗമായും എല്ലാ ഉപഭോക്താക്കൾക്കും കൃത്യമായ വോൾട്ടേജിൽ വൈദ്യുതി വിതരണം ചെയ്യുന്നതിന് ഇന്നുള്ള പ്രസരണ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെയും ഭാഗമായി സംസ്ഥാനത്തൊട്ടാകെ 600 കോടി രൂപ ചെലവിൽ 180 സബ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള അതിബൃഹത്തായ ഒരു പദ്ധതി ഈ സർക്കാർ നടപ്പിലാക്കി വരുന്നുണ്ട്.

(ഇ) കഴിഞ്ഞ മൂന്ന് വർഷംകൊണ്ട് സംസ്ഥാനത്ത് 9,11,649 കണക്ഷനുകൾ നൽകിയിട്ടുണ്ട്.

(എഫ്) സംസ്ഥാനത്തെ വൈദ്യുത കണക്ഷനുകൾ നൽകുന്നതിന് ബോർഡ് നിലവിൽ ഒരു ടാർജറ്റ് തയ്യാറാക്കുകയാണ് ചെയ്യാറുള്ളത്. ഇങ്ങനെ ടാർജറ്റ് തയ്യാറാക്കുമ്പോൾ താഴെപ്പറയുന്ന ഘടകങ്ങളാണ് മാനദണ്ഡമായി സ്വീകരിക്കുന്നത്.

1. സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന്റെ അതാതു വർഷത്തെ ബഡ്ജറ്റ് തുക.
2. ഓരോ വർഷവും കണക്ഷൻ നൽകാൻവേണ്ടിവരുന്ന സാധനസാമഗ്രികൾ ലഭ്യമാക്കുന്നതിന് മുൻകാലങ്ങളിൽ വിവിധ കമ്പനികൾ നൽകിയിട്ടുള്ള സപ്ലൈയുടെ കാലദൈർഘ്യം.
3. സംസ്ഥാനത്ത് ഓരോ വർഷവും നിർമ്മിക്കാൻ കഴിയുന്ന പോസ്റ്റുകൾ.

ഈ ഘടകങ്ങൾ കണക്കിലെടുത്ത് കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്. ഈ ഗവൺമെന്റ് 5 വർഷത്തെ കാലയളവിനുള്ളിൽ 15 ലക്ഷം കണക്ഷനുകൾ നൽകാൻ പരിപാടിയിട്ടിട്ടുള്ളത് പൂർത്തിയാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly